# 19. ചീനഭാഷ

അമേരിക്ക, ബ്രിട്ടൻ, കാനഡ, ഓസ്ട്രേലിയ, ദക്ഷിണ—ആഫ്രിക്ക എന്നീ രാജ്യങ്ങളിലെ ഭൂരിപക്ഷ ഭാഷയായ ഇംഗ്ലീഷിന് 'ലോകഭാഷ' എന്ന പദവി നാമെല്ലാം വകവെച്ചുകൊടുത്തിട്ടുണ്ടു്. ലോകത്തിലാകെ നാല്പതു കോടിയോളം ജനങ്ങളാണ് മാതൃഭാഷയെന്ന നിലയിലോ, പ്രാദേശികഭാഷയെന്ന നിലയിലോ ഇംഗ്ലീഷ് സംസാരിക്കുന്നതു്.

അതേസമയം തൊണ്ണൂറു കോടിയോളം ജനങ്ങൾ ചീനഭാഷ സംസാരിക്കുന്നു. ലോകജനസംഖ്യയിലെ നാലിലൊന്നിൽ കൂടുതലാണിതു്. സംസാരിക്കുന്ന ജനങ്ങളുടെ എണ്ണം അടിസ്ഥാനമാക്കി നോക്കിയാൽ, ലോകത്തിൽ ഏററവുമധികം പ്രായോഗിക പ്രാധാന്യവും സാംസ്കാരിക പ്രാധാന്യവുമുള്ള ഭാഷ ചൈനീസ് ആണെന്നു സ്പഷ്ടമാവും. ചൈന സാമ്പത്തികമായി വികസിക്കുകയും രാഷ്ട്രീയമായി അതിനു് അവകാശപ്പെട്ട ലോകനേതൃത്വം കൈവരിക്കുകയുംചെയ്യുന്നതോടെ, ഭാവിയിൽ, ചൈനീസ് ഭാഷ പഠിക്കേണ്ടതു് എല്ലാ രാജ്യങ്ങളിലും കൂടുതലാവശ്യമായിത്തീരും. പ്രത്യേകിച്ചും, ചൈനയുടെ അയൽരാജ്യമായ ഇന്ത്യയിൽ ചീനഭാഷാപഠനം അടുത്ത തലമുറയിൽ ഏറെക്കുറെ അനിവാര്യം ആയിക്കൂടായ്കയില്ല.

പക്ഷേ, ഇന്ത്യക്കാർക്കു പഠിക്കാൻ എളുപ്പമുള്ളതല്ല ചീനഭാഷ. നമ്മുടെ ഭാഷയായ മലയാളം ദക്ഷിണേന്ത്യയിലെ ദ്രാവിഡ ഭാഷാ കുടുംബത്തിൽപ്പെട്ടതാണല്ലോ. ഉത്തരേന്ത്യയിലെ പ്രധാന ഭാഷകളെല്ലാം ഇൻഡോ—യൂറോപ്യൻകുടുംബത്തിൽ ചേർന്നവയത്രേ. യൂറോപ്പിലെ പ്രധാന ഭാഷകളും ഈ രണ്ടാമതു പറഞ്ഞ കുടുംബത്തിലാണ് ഉൾപ്പെടുന്നതു് എന്നു് ആ കുടുംബനാമത്തിൽനിന്നുതന്നെ അറിയാം. ദ്രാവിഡ ഭാഷകൾക്കും ഇൻഡോ—യൂറോപ്യൻ ഭാഷകൾക്കും തമ്മിൽ അടിസ്ഥാനപരമായ പല സാദൃശ്യങ്ങളുമുണ്ടു്. അതിനാൽ ദക്ഷിണേന്ത്യക്കാരായ നമുക്കു് ഉത്തരേന്ത്യൻ ഭാഷകളോ, യൂറോപ്യൻ ഭാഷകളോ പഠിക്കാൻ വലിയ വിഷമമില്ല. ഉത്തരേന്ത്യക്കാർക്കു ദക്ഷിണേന്ത്യൻ ഭാഷകളുടെയും യൂറോപ്യൻ ഭാഷകളുടെയും പഠനവും വലിയ പ്രശ്നങ്ങളൊന്നും സൃഷ്ടിക്കുന്നില്ല.

'സീനോ—തിബത്തൻ' എന്ന ഒരു ഭാഷാകുടുംബത്തിൽപെട്ടതാണ് ചീനഭാഷ. തിബത്തൻ, തിബത്തിന്റെ അതിർത്തിയിലും ബർമ്മയിലും തെക്കൻ ചൈനയിലെ ചില പ്രദേശങ്ങളിലും ദക്ഷിണപൂർവേഷ്യയിലും സംസാരിച്ചുവരുന്ന ലോലോ—ബർമ്മീസ് ഭാഷകൾ, കീഴ്—ബർമ്മയിൽ സംസാരിച്ചുവരുന്ന കാരേൻ ഭാഷകൾ എന്നിവയാണ്, ചീനഭാഷയ്ക്കുപുറമെ, സീനോ—തിബത്തൻ കുടുംബത്തിൽപ്പെട്ട മററു പ്രധാന ഭാഷകൾ. ഇവയിൽ ആദ്യം പറഞ്ഞ തിബത്തനെയും ലോലോ—ബർമ്മീസിനെയും ചേർത്തു് 'തിബത്തോ—ബർമ്മീസ്' എന്നു് ഒരു വർഗം ആക്കിയും പറയാറുണ്ടു്. വേണമെങ്കിൽ കാരേൻ ഭാഷകളേയും ഈ ഗ്രൂപ്പിൽ പെടുത്താം. ഈ ഭാഷകളുമായി ചീനഭാഷയ്ക്കു് അതിവിദൂര ബന്ധമേ ഉള്ളൂ.

സീനോ—തിബത്തൻ ഭാഷാകുടുംബത്തിൽപ്പെട്ട ഈ ഭാഷകൾ ഓരോന്നിലും ധാരാളം ഉപഭാഷകൾ ഉണ്ടു്. പരസ്പരം മനസ്സിലാക്കാൻ കഴിയാത്ത എത്രയോ ഉപഭാഷകൾ (ഡയലക്റ്റുകൾ) ചീന

ഭാഷയിലുമുണ്ട്. ഘടനാപരമായ സാമ്യം മുൻനിർത്തി ചീനഭാഷയുടെ ഉപഭാഷകളെ അഞ്ചു വർഗങ്ങളായി തിരിച്ചിരിക്കുന്നു.

'മാൻഡാരിൻ' ആണ് ചീനഭാഷയുടെ ഉപഭാഷകളിൽ മുഖ്യം. 'മാൻഡാരിൻ' എന്നതു് ഒരു പാശ്ചാത്യ ഭാഷാപദം ആണ്. സംസ്കൃതത്തിലെ 'മന്ത്രി' എന്ന വാക്കിൽനിന്നു് ഉത്ഭവിച്ച 'മാൻഡാരിൻ' എന്ന പദം ചൈനീസ് ഉദ്യോഗസ്ഥരെയും അവരുടെ ഭാഷയെയും കുറിക്കാൻ പാശ്ചാത്യർ ഉപയോഗപ്പെടുത്തിവന്നു. പഴയ ചീനക്കാർ ഈ ഭാഷയെ 'ഉദ്യോഗസ്ഥരുടെ ഭാഷ' എന്ന അർത്ഥത്തിൽ 'ഗ്വാൻഹ്വാ' എന്നാണു വിളിച്ചിരുന്നതു്. തലസ്ഥാനമായ ബൈജിങ്ങിലെ പ്രാദേശികഭാഷ, സ്വാഭാവികമായും, ഉദ്യോഗസ്ഥരുടെ ഭാഷ എന്ന നിലയിൽ ചൈനയിലാകെ പ്രചാരമാർജിച്ചു. ഇപ്പോൾ ചൈനയിൽ പകുതി ആളുകളുടെയും മാതൃഭാഷ മാൻഡാരിൻ ആകുന്നു. ഈ ഭാഷയെ 'പൊതുഭാഷ' എന്ന അർത്ഥത്തിൽ 'പുതോങ്ഹ്വാ' എന്നു് ജനകീയ ചൈനയിലും, 'ദേശീയ ഭാഷ' എന്ന അർത്ഥത്തിൽ 'ഗ്വോ യു' എന്നു തൈവാനിലും വിളിച്ചുവരുന്നു. ചൈനയിൽ വടക്കും പടിഞ്ഞാറും പ്രദേശങ്ങളിലും കടൽത്തീരം ഒഴികെയുള്ള തെക്കൻ പ്രദേശങ്ങളിലും സംസാരിച്ചുവരുന്ന മാൻഡാരിൻ ഭാഷയ്ക്കു് വടക്കൻ, വടക്ക പടിഞ്ഞാറൻ, തെക്ക പടിഞ്ഞാറൻ, ക്സിയാ ജിയാങ്, തെക്ക കിഴക്കൻ എന്നീ ഉപഭാഷാപ്രഭേദങ്ങളുണ്ട്.

ചീനഭാഷകളുടെ മറ്റൊരു വർഗത്തെ 'വു' എന്നു വിളിക്കുന്നു. യാങ്ത്സി നദിയുടെ അഴിമുഖം, ഷാങ്ഹായ്, സുത്സൗ, വെൻത്സൗ തുടങ്ങിയ നഗരങ്ങൾ, ജിയാങ്സു, ത്സേജിയാങ്, അൻഹ്വി എന്നീ സംസ്ഥാനങ്ങൾ—ഇവയാണ് വു ഉപഭാഷകളുടെ പ്രചാരമേഖല. ഈ ഉപഭാഷാവർഗത്തിനുതന്നെ തെക്കനെന്നും വടക്കനെന്നും രണ്ടു വിശാലവിഭാഗങ്ങളുണ്ട്.

തൈവാൻ, ഫുജിയെൻ, ഹൈനാൻ എന്നീ ദ്വീപുകളിലെ ഭാഷകളെ 'മിൻ' വർഗമെന്നു പറയുന്നു. തെക്കനെന്നും വടക്കനെന്നുമുള്ള വിഭജനം ഈ വർഗത്തിനുമുണ്ട്.

കാൻടൺ നഗരം നിലകൊള്ളുന്ന ഗ്വാങ്ഡോങ് സംസ്ഥാനം, ഹോങ്കോങ്, അമേരിക്കൻ നഗരങ്ങളിലെ ചൈന ടൗണുകൾ എന്നിവിടങ്ങളിൽ സംസാരിക്കുന്ന ഉപഭാഷകളടങ്ങിയ വർഗമത്രേ 'യുവേ'.

വടക്കുനിന്നു വന്നു് തെക്ക കിഴക്കേ ചൈനയിൽ ചെറിയ കർഷക സമൂഹങ്ങളായി കുടിപാർക്കുന്ന ഹക്കകളുടെ (അതിഥികളുടെ) ഭാഷകൾ 'ഹക്ക' എന്ന വർഗത്തിൽപ്പെടുന്നു.

ഇന്ത്യയിലെ ഭാഷകൾക്കെന്നപോലെ ഓരോന്നിനും വ്യത്യസ്ത ലിപികൾ ഉണ്ടായിരുന്നുവെങ്കിൽ, ഈ അഞ്ചു വർഗങ്ങളിൽപ്പെടുന്ന ഓരോ ഉപഭാഷയും ഓരോ സ്വതന്ത്രഭാഷയായി കണക്കാക്കപ്പെടുമായിരുന്നു. എന്നാൽ, ഉച്ചാരണത്തിലും മറ്റും എത്ര വ്യത്യാസമുണ്ടെങ്കിലും ഇവയെല്ലാം എഴുതപ്പെടുന്നതു് ഒരേ ലിപി ഉപയോഗിച്ചാണ്. ഇക്കാരണത്താൽ ഈ ഭാഷകളെല്ലാം ഒരേ ഭാഷയുടെ ഉപഭാഷകളായി മാത്രം ഗണിക്കപ്പെടുന്നു. പരസ്പരം മനസ്സിലാകാത്ത പല ഉപഭാഷകൾ സംസാരിക്കുന്ന ചൈനക്കാർക്കിടയിൽ ആശയവിനിമയം സാദ്ധ്യമാക്കുന്നതും സാംസ്കാരികൈക്യം നിലനിർത്തുന്നതും ഏക രൂപമായ ലിഖിത ഭാഷ അത്രേ.

അദ്വിതീയമാണ് ചൈനീസ് ലിപി വ്യവസ്ഥ. വിശിഷ്ടമായ ഒരു സാഹിത്യം ഈ ലിപിവ്യവസ്ഥയിലൂടെ ആവിഷ്കൃതമായിട്ടുണ്ട്. പ്രകൃതിവസ്തുക്കളുടെ അനുകരണചിത്രങ്ങളായിട്ടാണ് നാലായിരം വർഷങ്ങൾമുമ്പു് ചൈനീസ് ലിപികൾ ആവിർഭവിച്ചതു്. ഈ ചിത്രങ്ങളി

ലെ അനുപേക്ഷണീയ രേഖകൾ മാത്രം നിലനിർത്തി പില്ക്കാലത്തു് അവയെ ലഘൂകരിച്ചു. ഇപ്പോഴത്തെ ചൈനീസ് ചിത്രലിപികൾ (പിക്റ്റോഗ്രാഫ്) രൂപംകൊണ്ടതു് അങ്ങനെയാണ്. എന്നാൽ, മൂർത്തങ്ങളായ സൂര്യൻ, ചന്ദ്രൻ, നദി, മത്സ്യം, കന്നുകാലി മുതലായ പ്രകൃതിവസ്തുക്കളെ പ്രതിനിധാനംചെയ്യുന്ന ചിത്രലിപികൾ ഇപ്പോഴത്തെ ചൈനീസ് അക്ഷരമാലയിൽ, എണ്ണത്തിൽ കുറവാണ്. കൂടുതലുള്ളതു് അമൂർത്താശയങ്ങളെ പ്രതിനിധാനംചെയ്യുന്ന 'ആശയലിപികൾ' (ഐഡിയോഗ്രാഫ്) ആകുന്നു. ഇവ ഏറെക്കുറെ നമുക്കു സുപരിചിതങ്ങളായ രേഖാചിത്രങ്ങൾക്കു (ഡയഗ്രാമുകൾക്കു്) തുല്യമത്രേ. നമ്മുടെ അക്കങ്ങളും ഒരുതരം ആശയ ലിപികൾതന്നെ. ഒന്നിലധികം ചിത്ര–ആശയലിപികൾ കൂട്ടിക്കലർത്തി 'സമസ്ത ആശയ–ലിപികൾ' (കോമ്പൗണ്ട് ഐഡിയോഗ്രാഫ്) നിർമ്മിക്കുന്നു. ഉദാഹരണത്തിനു സൂര്യൻ, ചന്ദ്രൻ എന്നിവയുള്ള ചിത്രലിപികൾ കൂട്ടിച്ചേർത്താൽ 'പ്രകാശമുള്ള' എന്ന അർത്ഥം നൽകുന്ന സമസ്ത–ലിപി ആയി. ഒരേ ആശയ ലിപി ആവർത്തിച്ചും ഇത്തരം സമസ്ത–ആശയലിപികൾ നിർമിക്കാം. നാനാർത്ഥ പദങ്ങൾ എല്ലാ ഭാഷകളിലുമെന്നപോലെ ചൈനീസ് ഭാഷയിലുമുണ്ടു്. മലയാളത്തിൽ 'പറ' എന്നതിനു് ഒരളവുപാത്രം, സംസാരിക്കുക, വായുവിലൂടെ സഞ്ചരിക്കുക എന്നെല്ലാം അർത്ഥമുണ്ടല്ലോ. നാനാർത്ഥകപദങ്ങളുടെ ഏതെങ്കിലുമൊരു അർത്ഥം കുറിക്കാൻ ഉപയോഗിക്കുന്ന ചിത്രലിപിതന്നെ മറ്റു് അർത്ഥങ്ങളെ കുറിക്കാൻ ഉപയോഗിക്കുന്നതത്രേ ചീനഭാഷയിലെ 'ഋണ ലിപികൾ' (ലോൺ കാരക്ടർ). ഉദാഹരണത്തിനു് ചീന ഭാഷയിൽ ഒരേ പദത്തിനു 'തേൾ' എന്നും 'എളുപ്പം' എന്നും അർത്ഥമുണ്ടു്. അതിനാൽ തേളിനെ കുറിക്കുന്ന ലിപി എളുപ്പം എന്ന അർത്ഥത്തിൽ പ്രയോഗിക്കുന്നു.

ചൈനീസ് ഭാഷയിലെ ലിപികളിൽ തൊണ്ണൂറു ശതമാനവും 'ധ്വനിക സമാസങ്ങൾ' (ഫൊണെറ്റിക് കോമ്പൗണ്ട്) എന്നറിയപ്പെടുന്നു. ഇത്തരം ലിപികൾ ഓരോന്നിനെയും 'അർത്ഥഘടകം' (സിഗ്നിഫിക്) എന്നും 'ധ്വനി ഘടകം' (ഫൊണെറ്റിക്) എന്നും വിഭജിക്കാം. ലിപികളിലെ അർത്ഥഘടകങ്ങളെ വേർതിരിച്ചെടുത്തു്, ധാതുക്കൾ (റാഡിക്കൽ) ആയി വർഗീകരിച്ചു്, ഉണ്ടാക്കിയവയാണ് ചൈനീസ് നിഘണ്ടുക്കൾ. 'ധ്വനിക സമാസങ്ങൾ' അല്ലാത്ത ലിപികളിലാകട്ടെ, ലിപിയുടെ ഏതെങ്കിലും ഒരു ഭാഗത്തെ 'ധാതു' ആയി നിഘണ്ടുകാരന്മാർ നിശ്ചയിക്കുന്നു. ഒരു ലിപിയുടെ മൗലികാംശം (ധാതു) അറിഞ്ഞാൽ, ആ വാക്കോ, ആ ഘടകം അടങ്ങിയ പുതിയ വാക്കുകളോ നിഘണ്ടുവിൽ കണ്ടുപിടിക്കുക പ്രയാസമല്ല. ലിപികളുടെ ധാതുഘടകങ്ങളിൽ എത്ര വരകൾ (സ്ട്രോക്കുകൾ) ഉണ്ടെന്നതിന്റെ അടിസ്ഥാനത്തിലാണു നിഘണ്ടുക്കളിൽ അവ ക്രമപ്പെടുത്തുന്നതു്. പദങ്ങളുടെ ഉച്ചാരണത്തിലെ ധ്വനികളുടെ (ആൽഫബെറ്റിക്) അടിസ്ഥാനത്തിൽ വാക്കുകൾ ക്രമപ്പെടുത്തിയ നമ്മുടെ നിഘണ്ടുക്കളിൽനിന്നു് ലിപിയുടെ ധാതുഘടകങ്ങളിലെ വരകളുടെ അടിസ്ഥാനത്തിൽ വാക്കുകൾ ക്രമപ്പെടുത്തിയ ചൈനീസ് നിഘണ്ടുക്കൾ മൗലികമായിത്തന്നെ വ്യത്യാസപ്പെട്ടവയാണ്. ചില ചൈനീസ് നിഘണ്ടുക്കളിൽ നാല്പതിനായിരത്തിലേറെ ലിപികൾ (വാക്കുകൾ) ഉണ്ടു്. എന്നാൽ, രണ്ടായിരം മുതൽ മൂവായിരംവരെ ലിപികൾ പഠിച്ചാൽ ചൈനീസ് പത്രങ്ങളും മാസികകളും പാഠപുസ്തകങ്ങളും വായിച്ചു് അർത്ഥം ഗ്രഹിക്കാൻ കഴിയും. പഴയ ചീനഭാഷയിൽ ഓരോ ലിപിയും ഓരോ വാക്കിനെ കുറിച്ചിരുന്നു. ഇപ്പോൾ മാൻഡാരിൻ ഭാഷയിൽ അധികം ലിപികളും രണ്ടു വാക്കുകളടങ്ങിയ സമാസങ്ങളെ കുറി

കുന്നവയാണ്. ഈ ലിപികൾ അധികവും ധ്വനിക സമാസങ്ങൾ ആകയാൽ അവ പഠിക്കാൻ വലിയ വിഷമമില്ല.

കഴിഞ്ഞ നാലായിരം വർഷങ്ങളായി ചീനക്കാർക്കിടയിൽ ഈ ഒരൊററ ലിപി വ്യവസ്ഥയാണ് നിലവിലിരുന്നതു്. ചീനഭാഷയുടെ എല്ലാ ഉപഭാഷകളും സംസാരിക്കുന്നവർ ഈ ഒരു ലിപി വ്യവസ്ഥ ഉപയോഗപ്പെടുത്തിപ്പോരുന്നു. വെള്ളത്തെ കുറിക്കുന്ന നീർ, പാനി, ജലം, വാട്ടർ മുതലായ വ്യത്യസ്ത വാക്കുകൾ സൂചിപ്പിക്കാൻ ഒരൊററ ചിത്രം (ഉദാഹരണത്തിനു വെള്ളംനിറച്ച ഗ്ലാസിൻെറ ചിത്രം) ഉപയോഗിച്ചാൽ, വ്യത്യസ്ത ഭാഷകൾ സംസാരിക്കുന്ന ജനങ്ങൾ ആശയം ഉൾക്കൊള്ളുമല്ലോ. ഇതുപോലെ ചൈനീസ് ലിഖിതഭാഷയിലൂടെ ചീന വൻകരയിലാകെ ആശയവിനിമയം സാദ്ധ്യമാണ്. എഴുതിയതു് ഒരാൾ വായിക്കുന്നതുപോലെയാവില്ല, മറെറാരാൾ വായിക്കുന്നതു്; പക്ഷേ, രണ്ടുപേരും ഒരേ ആശയം ഗ്രഹിക്കുന്നു. ചീനാ രാഷ്ട്രത്തിൻെറ ഏകീകരണശക്തിയായി വർത്തിച്ച ഘടകങ്ങളിൽ മുഖ്യം അത്ഭുതകരമായ ഈ ലിപിവ്യവസ്ഥയത്രേ. ജപ്പാൻ, കൊറിയ, വിയററ്നാം എന്നീ രാജ്യങ്ങൾ അവയുടെ ലിപിവ്യവസ്ഥയ്ക്കു് ചീനയോടു കടപ്പെട്ടിരിക്കുന്നു.

ചോദ്യം, വിപരീതാർത്ഥം, ആശ്ചര്യം, പരിഹാസം മുതലായവ ദ്യോതിപ്പിക്കാൻ നാം ശബ്ദത്തിലെ താനം(ടോൺ)ഉപയോഗപ്പെടുത്താറുണ്ട്. ചൈനീസ് ഭാഷയിൽ താനം അർത്ഥത്തെ ബാധിക്കുന്നു. 'തറ' യിലെ 'ത' മാററി 'പ' മലയാളത്തിൽ അർത്ഥം മാറും. ചൈനീസ് ഭാഷയിലാകട്ടെ, ഉച്ചരിക്കുമ്പോഴത്തെ താനത്തിൻെറ വ്യത്യാസം അനുസരിച്ച് അമ്മ, പണം, വീട്, ശകാരിക്കുക എന്നീ അർത്ഥങ്ങളെ 'മാ' എന്ന ഒരേ വാക്കു കാണിക്കുന്നു. ഇതു് ഒരു വാക്കിൻെറ മാത്രം കാര്യമല്ല. ചൈനീസ് ഉപഭാഷകൾ എല്ലാം താനഭാഷകൾ(ടോണൽ ലാംഗേജ്) ആകുന്നു. മാൻഡാരിൻ ഭാഷയിൽ നാലു വ്യത്യസ്ത താനങ്ങളുണ്ട്. കാൻടണീസ് ഭാഷയിൽ പത്തുതരം താനങ്ങളാണുള്ളതു്. താനങ്ങൾ സ്ഥിരങ്ങളല്ല; സന്ധിയിൽ അവയ്ക്കു വ്യത്യാസം വരും. ആകെക്കൂടി, ചൈനീസ് ഭാഷയെ അന്യർക്കു ദുർഗ്രഹമാക്കുന്ന ഒരു ഘടകമാണ് അതിലെ താനവ്യവസ്ഥ. സീനോ—തിബത്തൻ കുടുംബത്തിൽപ്പെട്ട മിക്ക ഭാഷകളിലും താനം അർത്ഥബോധനത്തിൽ ഒരു പ്രമുഖ ഘടകം ആകുന്നു. പുതിയ ചൈനീസ് ലിപിയിൽ, മീതെ ചില ചിഹ്നങ്ങൾ ചേർത്തു് താനഭേദങ്ങൾ രേഖപ്പെടുത്തുന്നു.

ഒരേ നാമത്തിലോ, ധാതുവിലോ ചില പ്രത്യയങ്ങൾ ചേർത്തു രൂപഭേദം വരുത്തിയാണ് നാം വാക്യങ്ങളിൽ പ്രയോഗിക്കുന്നതു്. ചൈനീസ് ഉപഭാഷകളിലും പ്രത്യയങ്ങളില്ല. ഓരോ വാക്കിനും (നാമത്തിനും, ക്രിയയ്ക്കും) ഓരോ രൂപം മാത്രമേയുള്ളു. ഏകവചനം, ബഹുവചനം എന്ന വ്യത്യാസം ചീനഭാഷയിലില്ല. കർത്താവ്, കർമം, കരണം മുതലായ കാരകങ്ങളെയോ കാലം, പ്രകാരം, പുരുഷൻ, വചനം മുതലായ ആഖ്യാത ധർമങ്ങളെയോ കാണിക്കാൻ ചൈനക്കാർ ചില പ്രത്യേക പദങ്ങൾ വാക്യങ്ങളിൽ പ്രയോഗിക്കുന്നു. പലേടത്തും ക്രിയയിലെ കാലഭേദവും പ്രകാരഭേദവും സന്ദർഭംകൊണ്ടു കിട്ടുന്നു.

ചൈനീസ് ഭാഷയിലെ പദങ്ങളെ പല വർഗങ്ങളായി തിരിച്ചിരിക്കുന്നു. മണൽ, മുത്ത്, അരി മുതലായ തരികളുടെ രൂപത്തിലുള്ള, വസ്തുക്കളെ കുറിക്കുന്ന വാക്കുകളെല്ലാം ഒരു വർഗത്തിൽപ്പെടുന്നു. പാമ്പ്, കയർ, തെരുവ്, പുഴ മുതലായവപോലെ നീണ്ട സാധനങ്ങളെ കുറിക്കുന്ന വാക്കുകൾ മറെറാരു വർഗത്തിൽപ്പെട്ടവയത്രേ. ഓരോ വാക്കിൻെറയും വർഗം കുറിക്കുവാൻ ഒരു പ്രത്യേക പദം ഉപയോഗിക്കുന്നു. 'വർഗീകാരകം' (ക്ലാസിഫയർ) എന്നു വിളിക്കപ്പെടുന്ന ഇത്തരം പദങ്ങളുടെ

അർത്ഥമെന്തെന്നു നിർവചിക്കുക പ്രയാസം. ആദ്യം പറഞ്ഞ മണൽ–മുത്തു് വർഗത്തെ കുറിക്കുന്ന വർഗീകാരകം 'ലി' എന്നാകുന്നു. കസേര, കത്തി, തോക്കു് മുതലായവയടങ്ങുന്ന വർഗത്തെ 'ബാ' കുറിക്കുന്നു. പാമ്പു് മുതലായവയടങ്ങുന്ന വർഗത്തെ കുറിക്കുന്ന വർഗീകാരകംതന്നെയാണു് കാണ്ടാമൃഗം, നിയമം, കോടതിവിധി മുതലായ നാമങ്ങളോടൊപ്പവും പ്രയോഗിക്കപ്പെടുന്നതു്. ഓരോ നാമവും പഠിക്കുമ്പോൾ വിദ്യാർത്ഥി അതിന്റെ വർഗീകാരകവുംകൂടി പഠിച്ചു ഹൃദിസ്ഥമാക്കുന്നു.

സാധാരണ ചൈനീസ് വാക്യങ്ങളിൽ, ഇംഗ്ലീഷിലെന്നപോലെ കർത്താവു്+ക്രിയ+കർമം എന്ന ക്രമമാണു്. എന്നാൽ കർമത്തിന്റെ മുമ്പിൽ 'ബാ' എന്ന പദം ചേർത്തു്, കർത്താവു്+കർമം+ക്രിയ എന്ന ഇന്ത്യൻ ഭാഷകളുടെ ക്രമത്തിലും വാക്യം രചിക്കാറുണ്ടു്. ക്രിയയ്ക്കു മുമ്പു ചേർക്കുന്ന നാമം നിർണീതം, പിമ്പു ചേർക്കുന്ന നാമം അനിർണീതം എന്ന വ്യത്യാസവുമുണ്ടു്. 'അതിഥി വന്നു' എന്നു പറഞ്ഞാൽ പ്രതീക്ഷിച്ചിരുന്ന (നിർണീതനായ) അതിഥി വന്നു എന്നും, 'വന്നു അതിഥി' എന്നു പറഞ്ഞാൽ ഏതോ ഒരു അതിഥി വന്നു എന്നും' അർത്ഥം. 'അവൻ പോകുന്നു പോകുന്നില്ല അമേരിക്ക' എന്നു പറഞ്ഞാൽ 'അവൻ അമേരിക്കയിലേക്കു പോകുന്നുവോ?' എന്നർത്ഥം. ഇങ്ങനെയല്ലാതെ, വാക്യാവസാനത്തിൽ 'മാ' എന്ന ചോദ്യചിഹ്നം ചേർത്തും ചോദ്യവാക്യങ്ങളുണ്ടാക്കാം. ചോദ്യങ്ങൾക്കു് ഇംഗ്ലീഷിലെപ്പോലെ പ്രത്യേക സ്വരക്രമം ചൈനീസിലില്ല.

ജനകീയചൈന നിലവിൽ വരുമ്പോൾ ചൈനയിൽ എൺപത്തഞ്ചു ശതമാനം ജനങ്ങളും നിരക്ഷരരായിരുന്നു അതിനാൽ ലിഖിതഭാഷ അവർക്കു് അപ്രാപ്യമായിരുന്നു. ഉപഭാഷകളുടെ വൈവിദ്ധ്യം ആശയസംക്രമണത്തിനു വലിയ തടസ്സവുമായിരുന്നു. 1955—ൽ ചേർന്ന ദേശീയ ഭാഷാ മാനകീകരണ സമ്മേളനത്തിൽ(നാഷണൽ ലാംഗേജ് സ്റ്റാൻഡേഡൈസേഷൻ കോൺഫറൻസിൽ)വെച്ചു് ജനകീയ ചൈനയ്ക്കു് ഒരു പൊതുഭാഷ പ്രഖ്യാപിക്കപ്പെട്ടു. തലസ്ഥാനമായ ബൈജിങ്ങിൽ നിലവിലുള്ള ഉച്ചാരണവും, വടക്കൻ മാൻഡാരിൻ ഭാഷയുടെ വ്യാകരണവും, ആധുനിക ചൈനീസ് സാഹിത്യത്തിലെ ശബ്ദാവലിയുമടങ്ങിയ മാൻഡാരിൻ ആയിരുന്നു ഈ ദേശീയ പൊതുഭാഷ. 'പൊതുഭാഷ' എന്ന അർത്ഥത്തിൽ 'പുതോങ്ങ്ഹ്വാ' എന്നു് ഈ ഭാഷയ്ക്കു പേർ നൽകപ്പെട്ടു. തൊഴിലാളികളുടെയും കർഷകരുടെയും നിത്യജീവിതഭാഷയോടു് അടുത്തിരിക്കണം പുതോങ്ങ്ഹ്വാ എന്നും നിശ്ചയിച്ചു. പുതോംഗ്ഹ്വാ ജനങ്ങളെ പഠിപ്പിക്കാൻ വലിയ ഒരു ജനകീയപ്രസ്ഥാനം നടന്നു. ഇപ്പോൾ ചൈനക്കാരിൽ ഭൂരിപക്ഷത്തിനും പുതോംഗ്ഹ്വാ എഴുതാനും വായിക്കാനും സംസാരിക്കാനും അറിയാം.

അതേസമയം ചീനക്കാർ പ്രാദേശിക—ഉപഭാഷകൾക്കും പ്രോത്സാഹനം നൽകി. ഇപ്പോൾ മിക്ക ചീനക്കാരും ഉഭയഭാഷികൾ ആണു്. അവർ പ്രദേശികഭാഷയും പുതോംഗ്ഹ്വായും ഒരേസമയം പഠിക്കുന്നു. പുതോംഗ്ഹ്വായിൽ സംസാരിക്കുമ്പോൾ പ്രാദേശികോച്ചാരണഭേദങ്ങൾ കയറിപ്പററുന്നതു് ആക്ഷേപാർഹമായി ചൈനയിൽ കണക്കാക്കപ്പെടുന്നില്ല.മാവോ സി ഡോങ്ങ്,ചൂഎൻലായ്, ഡെങ്ങ്ക്സ്യാവോ പിങ്ങ് മുതലായ നേതാക്കളുടെ ഉച്ചാരണത്തിൽ പ്രാദേശികച്ചുവ കലശലായി ഉണ്ടായിരുന്നു.

സംസ്കാരത്തിന്റെ കണ്ണാടിയാണല്ലോ ഭാഷ. പുതിയ ജനകീയ സംസ്കാരം പഴയ ഫ്യൂഡലിസ്റ്റ് സംസ്കാരത്തെ തുടച്ചുമാററിയപ്പോൾ, ഭാഷയിലെ പല പദങ്ങൾക്കും പ്രസക്തിയില്ലാതായി. സ്ത്രീപുരുഷസമത്വം ഇല്ലാതിരുന്ന പഴയ നാളുകളിൽ 'മിസ്സിസ്' എന്ന അർത്ഥ

ത്തിൽ സ്ത്രീനാമങ്ങൾക്കു മുമ്പിൽ 'തായ് തായ്' എന്ന വാക്കും 'മിസ്റ്റർ' എന്ന അർത്ഥത്തിൽ പുരുഷനാമങ്ങൾക്കു മുമ്പിൽ 'ക്സിയാൻ ഷെങ്' എന്ന വാക്കും ഉപയോഗിച്ചിരുന്നു. ഇപ്പോൾ 'പ്രേമി' അർത്ഥത്തിലുള്ള 'എയ്റൻ' എന്ന ഒരേ വാക്കാണ് സ്ത്രീനാമങ്ങൾക്കും പുരുഷനാമങ്ങൾക്കും മുമ്പിൽ ഒരുപോലെ പ്രയോഗിക്കുന്നത്. തൊഴിലാളികളെ കുറിക്കുവാൻ 'കഠിനാദ്ധ്വാനം' എന്നർത്ഥമുള്ള 'കൂലി' എന്ന വാക്കാണ് മുമ്പ് ഉപയോഗിച്ചിരുന്നത്. (ഇന്ത്യയിലൊട്ടാകെ 'വേലയ്ക്കു പ്രതിഫലം' എന്ന അർത്ഥത്തിൽ ഉപയോഗിക്കപ്പെടുന്നത് ഈ ചൈനീസ് വാക്കാണെന്ന വസ്തുത ആശ്ചര്യകരമാണ്.) ഇപ്പോൾ ചൈനക്കാർ 'കൂലി' എന്ന വാക്ക് എടുത്തുകളഞ്ഞ് ആ സ്ഥാനത്ത് 'ഗോൻരെൻ' എന്ന വാക്ക് ഉപയോഗിക്കുന്നു. 'തൊഴിലാളി' എന്നാണ് അതിനർത്ഥം. അടിയൻ, എജമാനൻ മുതലായവയ്ക്കു തുല്യമായ ആചാരഭാഷാ പദങ്ങളും ചൈനീസിൽനിന്ന് അപ്രത്യക്ഷമായി. രാഷ്ട്രീയശൈലികൾ പ്രചാരത്തിൽ വന്നു. ജനങ്ങളുടെ ചർച്ചകളിൽ 'വിഷയത്തിനെന്നപോലെ ചർച്ച ചെയ്യുന്നതിനുപയോഗിക്കുന്ന ഭാഷ'യിലും ശ്രദ്ധ ചെലുത്തപ്പെട്ടു. ഈ ഭാഷയും ചർച്ചാവിഷയമായി. എല്ലാ ജനങ്ങൾക്കും കായികാദ്ധ്വാനം നിർബന്ധിതമായ ഒരു സമൂഹത്തിൽ തൊഴിലാളി—കർഷക ഭാഷ എല്ലാവർക്കും പരിചിതമാകാതെ വയ്യല്ലോ. ബഹുജനപ്രസ്ഥാനാടിസ്ഥാനത്തിൽ നടന്ന ഈ ഭാഷാവിപ്ലവത്തിന്റെ ഫലമായി 'പുതോംഗ്ഹ്വാ' അത്യന്തം ലളിതമായി. നാടകീയമാംവിധം അതു വികസിച്ചു.

ഇതോടൊന്നിച്ച് ഒരു ലിപിപരിഷ്കരണവും ചൈനയിൽ നടന്നു. സങ്കീർണമായ ലിപിവ്യവസ്ഥയെ ലഘൂകരിക്കുകയാണ് പരിഷ്കരണത്തിന്റെ ഒരു ലക്ഷ്യം. രണ്ടാമത്തെ ലക്ഷ്യം, ആശയത്തെ അടിസ്ഥാനപ്പെടുത്തിയല്ലാതെ ധ്വനിയെ അടിസ്ഥാനപ്പെടുത്തി (ഫൊണെററിക്) ഒരു ദേശീയ ലിപിമാല സൃഷ്ടിച്ചു പ്രചരിപ്പിക്കുകയും. ഇതിന്റെയെല്ലാം ഉദ്ദേശ്യം ചൈനയിൽനിന്ന് നിരക്ഷരത്വം തുടച്ചുമാററുക എന്നതാണ്. 1956—ൽ 515 ലിപികളുടെ ലഘൂകൃതരൂപം പ്രസിദ്ധീകൃതമായി. 1964 ആയപ്പോഴേക്കും രണ്ടായിരത്തിലേറെ ലിപികൾ ലഘൂകരിക്കപ്പെട്ടു. ഈ ലിപികളിലെ 214 ധാതു ഘടകങ്ങളെ 189 ആയി ചുരുക്കി. പുതിയ ദേശീയ ധ്വനിക ലിപി മാലയ്ക്കു് (നാഷണൽ ഫൊണെററിക് ആൽഫബെററിന്) 'പിൻയിൻ' എന്നു പേർ. മാൻഡാരിൻ ഭാഷയ്ക്കെന്നപോലെ ചൈനീസ് ഉപഭാഷകൾക്കും, ചെറിയ ന്യൂനപക്ഷങ്ങളുടെ മററുതരം ഭാഷകൾക്കും, ഒരുപോലെ, പിൻയിൻ ലിപിമാല ഇപ്പോൾ ഉപയോഗപ്പെടുത്തിവരുന്നു. പിൻയിനോടൊപ്പം പഴയ ലിപിമാലയും പ്രചാരത്തിലുണ്ട്. പഴയ ലിപിമാല തീർത്തും നിരോധിച്ച് പിൻയിൻ മാത്രം നടപ്പാക്കുന്നപക്ഷം, വമ്പിച്ചൊരു സാംസ്കാരിക വിപ്ലവമായി അതു കണക്കാക്കപ്പെടും.

ചീന ഭാഷയുടെ ഏതാനും സവിശേഷതകൾ സാധാരണ മലയാളം വായനക്കാർക്കു സംഗ്രഹമാംവിധം വിവരിക്കാനാണ് ഇവിടെ ശ്രമിച്ചത്. ഈ ഭാഷയുടെ രാഷ്ട്രീയവും സാംസ്കാരികവുമായ പ്രാധാന്യത്തിലേക്കു കേരളീയരുടെ ശ്രദ്ധ ആകർഷിക്കുകയാണ് ഈ ലേഖനത്തിന്റെ ലക്ഷ്യം. ചീനഭാഷ പഠിപ്പിക്കുന്നതിന് മഹാകവി ടാഗോർ വിശ്വഭാരതിയിൽ ഏർപ്പാടു ചെയ്തിരുന്നു. 'ചീനാഭവൻ' എന്നൊരു പ്രത്യേക വകുപ്പ് ഇതിനായി അദ്ദേഹം അവിടെ രൂപവൽക്കരിച്ചു. സ്വതന്ത്രഭാരതത്തിൽ ജവാഹർലാൽ നെഹ്റു യൂണിവേഴ്സിററിപോലുള്ള ഏതാനും സ്ഥാപനങ്ങളിൽ ചീനഭാഷ പഠിപ്പിച്ചുവരുന്നുണ്ട്. എന്നാൽ, ഈ ഏർപ്പാടുകൾ എത്രയും അപര്യാപ്തങ്ങളാണെന്നതിൽ യാതൊരു സംശയവുമില്ല. കേരളത്തിലാണെങ്കിൽ, ചീനഭാഷ പഠിക്കുന്നതിനു സൗകര്യം നൽകുന്ന ഒരൊ

ററ സ്ഥാപനവുമില്ല. സർവകലാശാലകളുടെ എണ്ണം നാം പെരുക്കിക്കൊണ്ടു വരുന്നുണ്ട്. ഉള്ള സർവകലാശാലകളിൽ ഭവിഷ്യോന്മുഖങ്ങളായ പുതിയ പഠനപദ്ധതികൾ ഇണക്കിച്ചേർക്കുന്ന കാര്യത്തിൽ നമുക്കു യാതൊരു ശ്രദ്ധയുമില്ല. സാമാന്യം വികസിച്ച ഒന്നാണ് കേരള സർവകലാശാലയിലെ ഭാഷാശാസ്ത്രവിഭാഗം. ഇതിനോടു ചേർന്ന് ഒരു അന്താരാഷ്ട്രീയ ഭാഷാപഠനകേന്ദ്രംകൂടി സ്ഥാപിക്കുകയും, ചൈനീസ്, ജാപ്പനീസ്, ഭാസാമലായു മുതലായ വിദൂര പൗരസ്ത്യഭാഷകൾ പഠിപ്പിക്കാൻ അവിടെ ഏർപ്പാടുണ്ടാക്കുകയുംചെയ്യുന്നതു് അഭിലഷണീയമായിരിക്കും. കേരളത്തിലെ സംസ്കാര—വിദ്യാഭ്യാസ പ്രേമികളുടെ ശ്രദ്ധ ഈ വഴിക്കു തിരിഞ്ഞുകാണാൻ ആഗ്രഹിക്കുന്നു.

(12 ഒക്ടോബർ, 1983)

## 20. രാജാവും മകനും പേരമകനും

'രാജാവെന്നാലാരമ്മേ?'
'രാജാവീശ്വരനെൻമകനെ!'

എന്നു തുടങ്ങുന്ന ഒരു പദ്യശകലം പണ്ട് കൊച്ചിരാജ്യത്തിലെ ഒരു പ്രൈമറി പാഠപുസ്തകത്തിലുണ്ടായിരുന്നു. ദിവാൻ ഭരിക്കുന്ന 'ഠ' വട്ടമുള്ള രാജ്യത്തിൽ, നേത്യാരമ്മ ഭരിക്കുന്ന കോവിലകത്തു്, ഉണ്ടും ഉറങ്ങിയും, സമയത്തിനു മരുന്നു കഴിച്ചും അടങ്ങിയൊതുങ്ങി ജീവിക്കുകയായിരുന്നു അക്കാലത്തു് കൊച്ചിയിലെ പടുവൃദ്ധനായ രാജാവ്. ഈ കിഴവൻ ഈശ്വരനാണെന്നു കുട്ടികളോ, അവരെ പഠിപ്പിക്കുന്ന 'മാഷ്'മാരോ, കരുതാൻ വഴിയില്ലല്ലോ. അവർ ഒരു തമാശയായേ മുമ്പു പറഞ്ഞ പദ്യപാഠത്തെ കണക്കാക്കിയിരിക്കൂ.

രാജാവ് ഈശ്വരനാണെന്നു വിശ്വസിച്ചുവന്ന ഒരു മഹാരാജ്യം അക്കാലത്തുണ്ടായിരുന്നു—ജപ്പാൻ. രണ്ടാം മഹായുദ്ധത്തിലെ പരാജയത്തിനുശേഷം, അമേരിക്കൻ പട്ടാളഭരണാധികാരിയുടെ നിർബന്ധത്തിനു വഴങ്ങി, 1946 ജനവരി 1–ാം തീയതി താൻതന്നെ ഒപ്പിട്ടു പരസ്യം ചെയ്ത ഒരു വിളംബരത്തിലൂടെ തന്റെ 'ഈശ്വരത്വം' രാജാവ് സ്വയം ഉപേക്ഷിക്കുംവരെ തങ്ങളുടെ രാജാവിനെ ഈശ്വരനായി കരുതി ആരാധിച്ചുപോന്നു, ജപ്പാനിലെ ജനത. രാജാവിനുവേണ്ടി എന്തും ചെയ്യാൻ ജപ്പാൻകാർക്കു യാതൊരു ക്ലേശവും ഉണ്ടായിരുന്നില്ല—ആത്മഹത്യപോലും!

ജപ്പാനിലെ രാജാവിനെ, പക്ഷേ, രാജാവെന്നല്ല, 'ചക്രവർത്തി' എന്നാണു വിളിക്കുന്നതു്. നാലു മുഖ്യ ദ്വീപുകളിലും അനേകം ചെറു ദ്വീപുകളിലുമായി 1,45,711 ച.മൈൽ സ്ഥലത്തു പരന്നുകിടക്കുന്നതും പന്ത്രണ്ടുകോടിയോളം ജനങ്ങൾ പാർക്കുന്നതുമായ ജപ്പാൻ നാല്പത്തേഴു സ്റ്റേറ്റുകൾ (പ്രിഫെക്ചറുകൾ) ആയി വിഭജിക്കപ്പെട്ടിരിക്കുന്നു. ഈ സ്റ്റേറ്റുകളുടെയെല്ലാം ഭരണത്തലവൻ ആയതിനാലാണ് ജപ്പാനിലെ രാജാവ് 'ചക്രവർത്തി'യായതു്.

ഇപ്പോഴത്തെ ജാപ്പനീസ് ചക്രവർത്തിയുടെ പേരു്, 'ഹിരോഹിതോ' എന്നാണ്. ഹിരോഹിതോ 1901–ൽ ജനിച്ചു. ക്രിസ്തുവിനുമുമ്പ് 660–ാം വർഷംമുതൽ ജപ്പാൻ ഭരിച്ചുവരുന്ന 'യമാത്തോ' കുടുംബത്തിൽ 124–ാം തലമുറയാണത്രേ അദ്ദേഹത്തിന്റെ ജനനം. 1921–ൽ തന്റെ